


അഭിമുഖം

മുഹമ്മദ് ശഫീഅ് മദനി

# ഗുജറാത്ത്

# പുനരധിവാസവും നിയമപ്പോരാട്ടങ്ങളും പുതിയ ഘട്ടത്തിലേക്ക്

ജമാഅത്തെ ഇസ്‌ലാമിയുടെ ഗുജറാത്ത് ഘടകം അധ്യക്ഷനാണ് മുഹമ്മദ് ശഫീഅ് മദനി. ഇസ്‌ലാമി റിലീഫ് കമ്മിറ്റി ഗുജറാത്തിന്റെ പ്രസിഡന്റും, ജമാഅത്തെ ഇസ്‌ലാമി പ്രസിദ്ധീകരണ വിഭാഗമായ *ഇസ്‌ലാമി സാഹിത്യ പ്രകാശി*ന്റെ ചെയര്‍മാനും മുസ്‌ലിം പേഴ്‌സനല്‍ ലോ ബോര്‍ഡ് അംഗവുമാണ്. കൊമേഴ്‌സില്‍ ബിരുദാനന്തര ബിരുദം നേടിയ അദ്ദേഹം ഇസ്‌ലാമിക വിഷയങ്ങളിലും അവഗാഹം നേടിയിട്ടുണ്ട്. ഈയിടെ കേരളം സന്ദര്‍ശിച്ച അദ്ദേഹം *പ്രബോധന*ത്തിന് നല്‍കിയ അഭിമുഖം

**കേരള സന്ദര്‍ശനത്തിന് പിന്നില്‍ പ്രത്യേക ലക്ഷ്യമെന്തെങ്കിലും?**

നിങ്ങള്‍ക്കറിയാവുന്നതുപോലെ, കലാപാനന്തര ഗുജറാത്തില്‍ ഏറ്റവും സുസംഘടിതമായ ദുരിതാശ്വാസ പുനരധിവാസ പ്രവര്‍ത്തനങ്ങള്‍ക്ക് നേതൃത്വം നല്‍കിയ എന്‍.ജി.ഒ ആണ് ഇസ്‌ലാമി റിലീഫ് കമ്മിറ്റി ഗുജറാത്ത്. അതിന്റെ അധ്യക്ഷന്‍ എന്ന നിലക്കാണ് എന്റെ ഈ സന്ദര്‍ശനം. പുനരധിവാസ പ്രവര്‍ത്തനങ്ങള്‍ക്ക് ഞങ്ങള്‍ ചെലവഴിച്ച തുകയില്‍ ഗണ്യമായ ഒരു വിഹിതം കേരളത്തില്‍നിന്നായിരുന്നു എന്ന്

നന്ദിപൂർവം ഓർക്കുകയും അല്ലാഹു അവർക്ക് തക്കതായ പ്രതിഫലം നൽകട്ടെ എന്ന് പ്രാർഥിക്കുകയും ചെയ്യുന്നു.

1992-ൽ ബാബരി മസ്ജിദ് തകർക്കപ്പെട്ടതിനു ശേഷമുള്ള കലാപങ്ങൾ, 1994ൽ സൂറത്തിൽ പടർന്നു പിടിച്ച പ്ലേഗ്, 1996ൽ കാൻഡ്‌ലയിൽ ആഞ്ഞടിച്ച കൊടുങ്കാറ്റ്, 1998-'99 കാലത്തെ പട്ടിണി മരണങ്ങൾ, 2001ലെ കച്ച് ഭൂകമ്പം, 2002ലെ ഫാഷിസ്റ്റുകളുടെ മുസ്‌ലിം വംശഹത്യ -ഇങ്ങനെ കലാപങ്ങളുടെയും പ്രകൃതി ദുരന്തങ്ങളുടെയും ദുരിതപർവങ്ങൾ താണ്ടുന്ന ഗുജറാത്തികൾക്ക് സഹായഹസ്തവുമായി രണ്ട് പതിറ്റാണ്ടുകാലമായി ഇസ്‌ലാമി റിലീഫ് കമ്മിറ്റി സേവനരംഗത്തുണ്ട്. 2001ലെ ഭൂകമ്പത്തിൽ അടിയന്തരസഹായമായി കമ്മിറ്റി ചെലവഴിച്ചത് രണ്ട് കോടി രൂപയാണ്. പിന്നീട് ഭൂകമ്പ ബാധിത പ്രദേശങ്ങളിൽ വീട് നിർമാണത്തിനും മറ്റുമായി ഏഴു കോടി ചെലവഴിച്ചു. സ്‌കൂളുകൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങി ഏതാനും ദീർഘകാല പദ്ധതികൾ കൂടി ഇവിടെ പൂർത്തിയാക്കാൻ ബാക്കിയുണ്ട്.

ഇസ്‌ലാമി റിലീഫ് കമ്മിറ്റിയുടെ മുമ്പിലെ ഏറ്റവും വലിയ വെല്ലുവിളി കലാപാനന്തര ഗുജറാത്ത് ആയിരുന്നു. വിവിധ മനുഷ്യാവകാശ കൂട്ടായ്മകളുടെയും മുസ്‌ലിം സംഘടനകളുടെയും സഹായത്തോടെ അറുപതിനായിരം പേർക്ക് ഭക്ഷണം, വസ്ത്രം, താൽക്കാലിക താമസസൗകര്യം പോലുള്ള അടിയന്തര സഹായങ്ങൾ എത്തിക്കുകയുണ്ടായി. 14 ജില്ലകളിലാണ് കലാപം പടർന്നത്. ഇതിൽ അഹ്മദാബാദ്, ഗോധ്ര ഉൾപ്പെടുന്ന പഞ്ച്മഹൽ, ദാഹോദ്, ബറോഡ, സാബർകാട്ട, നഹ്സാന, ആനന്ദ് എന്നീ ജില്ലകളിലായിരുന്നു കലാപക്കെടുതികൾ ഏറ്റവും രൂക്ഷം. കലാപബാധിതർക്ക് അടിയന്തര സഹായമെത്തിച്ചതോടൊപ്പം അവരെ ഭീതിയുടെ മാനസികാഘാതത്തിൽനിന്ന് രക്ഷപ്പെടുത്തി ആത്മവിശ്വാസം പകരാനും കമ്മിറ്റി ഉത്സാഹിക്കുകയുണ്ടായി.

കലാപബാധിത ജില്ലകളിൽ ഇതുവരെയായി ഇസ്‌ലാമി റിലീഫ് കമ്മിറ്റി 21 കോളനികൾ നിർമിച്ചിട്ടുണ്ട്. ഓരോ കോളനിയിലും 30 മുതൽ 150 വരെ വീടുകൾ ഉണ്ടാവും. ഫാഷിസ്റ്റുകളുടെ ഭീഷണി മൂലം സ്വന്തം ഗ്രാമങ്ങളിലേക്ക് തിരിച്ചുപോകാൻ നിവൃത്തിയില്ലാത്തവർക്ക് വേണ്ടിയാണ് ഈ കോളനികൾ. സ്വന്തം ഗ്രാമങ്ങളിലേക്ക് തിരിച്ചുപോയവർക്കും വീടുകൾ നിർമിച്ചു നൽകിയിട്ടുണ്ട്. ഇങ്ങനെ മൊത്തം 6000 വീടുകളാണ് നിർമിച്ചത്. മിക്കവാറും അടിസ്ഥാന സൗകര്യങ്ങൾ മാത്രമാണ് ഈ വീടുകളിൽ ഉണ്ടാവുക. 11,000 വീടുകൾ കേടുപാടുകൾ തീർത്തിട്ടുമുണ്ട്. പള്ളികളുടെയും മറ്റു ആരാധനാലയങ്ങളുടെയും നിർമാണവും കേടുപാടു തീർക്കലും ഇതിന് പുറമെയാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹെൽത്ത് സെന്ററുകൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങി പുനരധിവാസത്തിന്റെ രണ്ടാം ഘട്ട പ്രവൃത്തികൾ തുടങ്ങിവെച്ചിട്ടേയുള്ളൂ. അഞ്ച് പ്രാഥമിക സ്‌കൂളുകൾ, ഒരു ഹോസ്റ്റൽ, എട്ട് ക്ലിനിക്കുകൾ, ഒരു ഡയഗ്‌നോസിസ് സെന്റർ, രണ്ട് മൊബൈൽ ക്ലിനിക്കുകൾ എന്നിവയാണ് റിലീഫ് കമ്മിറ്റി പുതുതായി തുടങ്ങിയവ. ഇനിയും ധാരാളം ചെയ്യാനുണ്ട്. മാത്രമല്ല, നിലവിലുള്ള സ്ഥാപനങ്ങളുടെ നടത്തിപ്പ് ചെലവിനുള്ള വകയും കണ്ടെത്തണം. രണ്ടാം ഘട്ട പുനരധിവാസത്തെക്കുറിച്ച് സഹപ്രവർത്തകരെയും പൊതു സമൂഹത്തെയും അറിയിക്കാനും അവരുടെ പിന്തുണയും സഹകരണവും തുടർന്നും ഉറപ്പുവരുത്താനുമാണ് എന്റെ ഈ സന്ദർശനം. കലാപകാലത്തെ ശ്രദ്ധയും ജാഗ്രതയും പിന്നീടങ്ങോട്ട് കുറഞ്ഞുവരുമല്ലോ.

**ഇസ്‌ലാമി റിലീഫ് കമ്മിറ്റിക്ക് കീഴിൽ പ്രവർത്തിക്കുന്ന സെൽ ഫോർ ലീഗൽ ഹെൽപ്പ് ആന്റ് ഗൈഡൻസ് (CLHG) നടത്തുന്ന നിയമപ്പോരാട്ടങ്ങളെക്കുറിച്ച്?**

ഇന്ത്യാ ചരിത്രത്തിലെ തന്നെ ശ്രദ്ധേയമായ ഒരു നിയമപ്പോരാട്ടത്തിനാണ് ഞങ്ങളുടെ ലീഗൽ സെൽ തുടക്കം കുറിച്ചിരിക്കുന്നത്. ഡോ. ശക്കീൽ അഹ്മദ് സാഹിബിനാണ് ഇതിന്റെ ചുമതല. വളരെയേറെ മാനസിക പ്രയാസങ്ങൾ തരണം ചെയ്തുകൊണ്ടാണ് അദ്ദേഹം ഈ ഭാരിച്ച ദൗത്യവുമായി മുന്നോട്ടു പോകുന്നത്. ഭരണകൂട ഭീകരതയുടെ ഇരകൾക്ക് നീതി വാങ്ങിക്കൊടുക്കാനുള്ള പോരാട്ടങ്ങളെ ഭരണകൂടം കൈയുംകെട്ടി നോക്കിയിരിക്കില്ലല്ലോ. കള്ളക്കേസുകളുണ്ടാക്കി ഭരണകൂടം അദ്ദേഹത്തിന്റെ മകനെ ജയിലിലടച്ചു. ജാമ്യം പോലും കിട്ടാതെ മകൻ ഏഴു വർഷമായി ജയിലിൽ നരകിക്കുന്നു!

കലാപങ്ങളുടെയും പ്രകൃതി ദുരന്തങ്ങളുടെയും ഇരകൾക്ക് നീതി ലഭ്യമാക്കാൻ അഭിഭാഷകരുടെ ഒരു ടീമിനെത്തന്നെ അണിനിരത്താൻ ഞങ്ങൾക്ക് കഴിഞ്ഞു. ഗുജറാത്ത് കലാപക്കേസുകളെക്കുറിച്ച് വിശദമായ ഒരു ഡാറ്റാ ബാങ്കും ഞങ്ങൾ തയാറാക്കി. അങ്ങനെ ആക്ഷൻ എയ്ഡ്, ദേശീയ മനുഷ്യാവകാശ കമീഷൻ, സുപ്രീം കോടതി പ്രത്യേകം നിയമിച്ച സ്പെഷൽ ഇൻവെസ്റ്റിഗേഷൻ ടീം (എസ്.ഐ.ടി) എന്നിവയുടെ സഹായത്തോടെ 2117 കേസുകളിൽ പുനരന്വേഷണം നടത്തിക്കുന്നതിൽ വിജയിച്ചിരിക്കുകയാണ്. പോട്ട ചുമത്തിയ 114 പേരെ (അതിൽ ഗോധ്രാ പ്രശ്നത്തിൽ പിടിക്കപ്പെട്ടവരും ഉണ്ട്) അത്തരം കേസുകളിൽനിന്ന് രക്ഷപ്പെടുത്താനും കഴിഞ്ഞു. ഉയർന്ന സ്ഥാനത്തിരിക്കുന്ന രാഷ്ട്രീയ നേതാക്കൾ ഉൾപ്പെട്ട കേസുകൾ പുനരന്വേഷിക്കണമെന്നാണ് ഇപ്പോൾ ഞങ്ങൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. കലാപത്തിൽ ഉറ്റവരെ നഷ്ടപ്പെട്ടവർക്കും വീടും സ്വത്തും നഷ്ടമായവർക്കും മതിയായ നഷ്ടപരിഹാരം വാങ്ങിക്കൊടുക്കാനുള്ള ശ്രമങ്ങളും വിജയത്തിലേക്ക് നീങ്ങുന്നു. കള്ളക്കേസുകളിൽ കുടുക്കി നിരവധി മുസ്‌ലിം ചെറുപ്പക്കാരെ ഇപ്പോഴും ജയിലിലടച്ച് ക്രൂരമായി പീഡിപ്പിക്കുന്നുണ്ട്. ഇവർക്കും നിയമസഹായം എത്തിക്കേണ്ടത് അനിവാര്യമായിരിക്കുന്നു. ഇങ്ങനെ ഒരേസമയം നിരവധി പോരാട്ടമുഖങ്ങൾ തുറന്നുകൊണ്ടാണ് നിയമസെല്ലിന്റെ പ്രവർത്തനം. ഇതിനായി മാത്രം സെൽ 70 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു. മിക്ക കേസുകളും എവിടെയുമെത്താത്ത സ്ഥിതിക്ക് ഭാരിച്ച സാമ്പത്തിക ചെലവുകൾ വരുന്ന ഒരു മേഖലയാണ്.

**കലാപം പടർത്തുന്നതിൽ ഗുജറാത്ത് മീഡിയ വലിയ പങ്കുവഹിച്ചിരുന്നുവല്ലോ. ഇപ്പോൾ അവയുടെ നിലപാടിൽ മാറ്റം വന്നിട്ടുണ്ടോ?**

വർഗീയവിഷം വമിക്കുന്നതിൽ ഇംഗ്ലീഷ്, ഗുജറാത്തി പത്രങ്ങൾ ഏറക്കുറെ തുല്യ പങ്കാണ് വഹിച്ചത്. വാർത്തകൾ കെട്ടിച്ചമക്കുക മാത്രമല്ല, ഒറ്റപ്പെട്ട സംഭവങ്ങൾ പൊലിപ്പിക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന്, ഗുജറാത്ത് കലാപത്തിൽ നിരവധി മുസ്‌ലിം

സ്ത്രീകൾ ബലാൽസംഗത്തിന് ഇരകളാവുകയുണ്ടായി. മീഡിയയിലൊന്നും അത്തരം റിപ്പോർട്ടുകൾ വന്നില്ല. അപ്പോഴാണ് സൂറത്തിൽ മുസ്‌ലിം സമുദായത്തിൽനിന്നൊരാൾ ബലാൽസംഗകുറ്റത്തിന് പിടിയിലാവുന്നത്. അതിന് വൻ കവറേജാണ് മാധ്യമങ്ങൾ കൊടുത്തത്. അത് കലാപം ആളിപ്പടരാൻ ഇടയാക്കി.

ഇപ്പോൾ *ഇന്ത്യൻ എക്സ്പ്രസ്* പോലെയുള്ള ഇംഗ്ലീഷ് പത്രങ്ങളിൽ കുറെയൊക്കെ മാറ്റങ്ങൾ കാണുന്നുണ്ട്. ഗുജറാത്തി ഭാഷാ പത്രങ്ങളാണ് ഒട്ടും മാറാത്തത്. അത് ഒരു കമ്യൂണൽ അജണ്ട ഉള്ളതുകൊണ്ടാവണമെന്നില്ല. കച്ചവടതാൽപര്യങ്ങളാണ് ഈ പത്രങ്ങളെ നയിക്കുന്നത്. സർക്കുലേഷൻ കൂട്ടാനുള്ള വഴിയായിട്ടാണ് മുസ്‌ലിംവിരുദ്ധതയെ അവ കാണുന്നത്. ഗുജറാത്തിന് പുറത്തുള്ളവർ നടത്തുന്ന *ദിവ്യ ഭാസ്കർ* പോലുള്ള പത്രങ്ങൾ കുറച്ചൊക്കെ നിഷ്പക്ഷമാണെന്ന് പറയാം.

**മീഡിയയുടെ മുസ്‌ലിംവിരുദ്ധ നിലപാട് മാറ്റിയെടുക്കാൻ ജമാഅത്ത് എന്തെങ്കിലും ചെയ്യുന്നുണ്ടോ?**

കലാപാനന്തരം മീഡിയയുമായി പ്രസ്ഥാന പ്രവർത്തകർ നിരന്തരം ബന്ധപ്പെടുന്നുണ്ട്. ഇംഗ്ലീഷ് പത്രങ്ങളുടെ നിലപാടിൽ വന്ന മാറ്റം അതിന്റെ കൂടി പ്രതിഫലനമാണ്. ഇടക്കിടെ ഗെറ്റുഗദർ പരിപാടികൾ സംഘടിപ്പിക്കുന്നു.

**മീഡിയാ രംഗത്തെ മുസ്‌ലിം സാന്നിധ്യം?**

ഗുജറാത്തി ഭാഷയിൽ *ഗുജറാത്ത് ടുഡെ* എന്ന പേരിൽ ഒരു ദിനപത്രം ഇറങ്ങുന്നുണ്ട്. ഒരു മുസ്‌ലിം മാനേജ്മെന്റ് നടത്തുന്ന പത്രമാണിത്. ഇരുപതിനായിരം സർക്കുലേഷനേ ഉള്ളൂ. പൊതുസമൂഹത്തിൽ ചലനമുണ്ടാക്കാനൊന്നും അതിന് കഴിയുന്നില്ല. പിന്നെ ജമാഅത്തെ ഇസ്‌ലാമി പുറത്തിറക്കുന്ന *ശാഹീൻ* എന്ന വാരികയാണ്. 1977 മുതൽ അത് മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നുണ്ട്. ആറായിരം മാത്രമാണ് കോപ്പികൾ. മറ്റു മുസ്‌ലിം സംഘടനകൾ പ്രസിദ്ധീകരിക്കുന്ന ആനുകാലികങ്ങൾക്ക് ഇത്ര പോലും പ്രചാരമില്ല. മതവിഷയങ്ങളാണ് പൊതുവെ ഇവയുടെ ഉള്ളടക്കം. തങ്ങളുടെ പ്രശ്നങ്ങളും നിലപാടുകളും പൊതുസമൂഹത്തിലെത്തിക്കാൻ മുസ്‌ലിംകൾക്ക് യാതൊരു മാർഗവുമില്ലെന്നർഥം.

**കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ജമാഅത്തെ ഇസ്‌ലാമി സ്വീകരിച്ച നിലപാട്?**



■ ഡോ. ശക്കീൽ അഹ്മദ്

**ഇന്ത്യാ ചരിത്രത്തിലെ തന്നെ ശ്രദ്ധേയമായ ഒരു നിയമപ്പോരാട്ടത്തിനാണ് ഞങ്ങളുടെ ലീഗൽ സെൽ തുടക്കം കുറിച്ചിരിക്കുന്നത്. ഡോ. ശക്കീൽ അഹ്മദ് സാഹിബിനാണ് ഇതിന്റെ ചുമതല. വളരെയേറെ മാനസിക പ്രയാസങ്ങൾ തരണം ചെയ്തുകൊണ്ടാണ് അദ്ദേഹം ഈ ഭാരിച്ച ദൗത്യവുമായി മുന്നോട്ടു പോകുന്നത്. ഭരണകൂട ഭീകരതയുടെ ഇരകൾക്ക് നീതി വാങ്ങിക്കൊടുക്കാനുള്ള പോരാട്ടങ്ങളെ ഭരണകൂടം കൈയുംകെട്ടി നോക്കിയിരിക്കില്ലല്ലോ. കള്ളക്കേസുകളുണ്ടാക്കി ഭരണകൂടം അദ്ദേഹത്തിന്റെ മകനെ ജയിലിലടച്ചു. ജാമ്യം പോലും കിട്ടാതെ മകൻ ഏഴു വർഷമായി ജയിലിൽ നരകിക്കുന്നു!**

ഗുജറാത്തിൽ കാര്യമായി രണ്ട് രാഷ്ട്രീയ പാർട്ടികളേയുള്ളൂ. കോൺഗ്രസും ബി.ജെ.പിയും. ജമാഅത്തെ ഇസ്‌ലാമിക്കോ മുസ്‌ലിം സംഘടനകൾക്കോ മതേതര കൂട്ടായ്മകൾക്കോ ഇതിൽ ആർക്ക് വോട്ട് ചെയ്യണം എന്നത് ആലോചിച്ച് തീരുമാനമെടുക്കേണ്ട കാര്യമൊന്നുമല്ല. ഫാഷിസ്റ്റുകളെ തോൽപിക്കാൻ സ്വാഭാവികമായും കോൺഗ്രസ്സിനെയാണ് അവർ പിന്തുണക്കുക. അതേസമയം കോൺഗ്രസും ബി.ജെ.പിയും തമ്മിൽ എന്തു വ്യത്യാസം എന്ന് ചിന്തിക്കുന്ന വലിയൊരു വിഭാഗം മുസ്‌ലിംകളും ഉണ്ട്. അത്തരക്കാർ പൊതുവെ വോട്ട് ചെയ്യാതെ മാറി നിൽക്കാറാണ് പതിവ്. അതിനാൽ മുസ്‌ലിംകൾക്കിടയിൽ വോട്ടിംഗ് ശതമാനം അമ്പതിൽ കൂടാറില്ല. പുതിയ സാഹചര്യത്തിൽ ഈ ഉദാസീനതയുടെ അപകടം മുൻകൂട്ടി കണ്ട് തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ജമാഅത്ത് ഒരു കാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി. ഫാഷിസ്റ്റുകൾക്കെതിരെ പരമാവധി വോട്ട് സമാഹരിക്കാനുള്ള ആ നീക്കം വിജയം കണ്ടു. ഇത്തവണ 70 ശതമാനം മുസ്‌ലിം വോട്ടുകൾ പോൾ ചെയ്യപ്പെട്ടു. ഇരുപത് ശതമാനത്തിന്റെ വർധന. ഇവിടെ കോൺഗ്രസ് ജയിച്ച പതിനൊന്ന് മണ്ഡലങ്ങളിൽ എട്ട് മണ്ഡലങ്ങളിലെങ്കിലും മുസ്‌ലിം വോട്ട് വളരെ നിർണായകമായിരുന്നു. മൂന്നിടങ്ങളിൽ കോൺഗ്രസ് തോൽക്കാനും മുസ്‌ലിംകൾ കാരണക്കാരായി. ഇവിടെ കോൺഗ്രസ്സിനെതിരെ ചില മുസ്‌ലിം സ്ഥാനാർഥികൾ നിലയുറപ്പിച്ചതാണ് പ്രശ്നമായത്. അവരെ കാര്യം പറഞ്ഞ് ബോധ്യപ്പെടുത്തി പിന്തിരിപ്പിക്കാനുള്ള ശ്രമങ്ങൾ ഉണ്ടായില്ല. കഴിഞ്ഞ കേന്ദ്രമന്ത്രിസഭയിൽ ടെക്സ്റ്റൈൽസ് മന്ത്രിയായിരുന്ന ശങ്കർ സിംഗ് വഗേല രണ്ടായിരം വോട്ടിന് തോറ്റത് അങ്ങനെയാണ്. അദ്ദേഹത്തിനെതിരെ മത്സരിച്ച ഒരു മുസ്‌ലിം സ്ഥാനാർഥി 2300 വോട്ടും മറ്റൊരു മുസ്‌ലിം സ്ഥാനാർഥി 9000 വോട്ടും നേടി. വഗേലയുടെ അമിത ആത്മവിശ്വാസമാണ് വിനയായത്. അത് അദ്ദേഹം തുറന്ന്സമ്മതിക്കുകയും ചെയ്തു.

**മുസ്‌ലിം സംഘടനകൾക്ക് പൊതുവേദിയുണ്ടോ ഗുജറാത്തിൽ?**

അതിനുള്ള ശ്രമങ്ങൾ നടക്കുന്നു. ഗുജറാത്തിൽ തബ്ലീഗ് ജമാഅത്തിനാണ് കൂടുതൽ സ്വാധീനമുള്ളത്. ജമാഅത്തെ ഇസ്‌ലാമിയെ അകറ്റിനിർത്തുകയും വിമർശിക്കുകയും ചെയ്യുന്ന നിലപാടാണ് അവർ മുൻകാലങ്ങളിൽ സ്വീകരിച്ചിരുന്നതെങ്കി

ലും, ഇസ്‌ലാമി റിലീഫ് കമ്മിറ്റിയുടെയും മറ്റും പ്രവർത്തനഫലമായി അവരുടെ നിലപാടുകളിൽ വലിയ മാറ്റമുണ്ടായിട്ടുണ്ട്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഒരു മുസ്‌ലിം ഏകോപനസമിതിക്ക് രൂപം നൽകിയിരുന്നു.

***പ്രബോധനം*** **വാരിക (2005 ഏപ്രിൽ 30) ഗുജറാത്തിൽ ഇസ്‌ലാമി റിലീഫ് കമ്മിറ്റി നടത്തുന്ന പുനരധിവാസ പ്രവർത്തനങ്ങളെപ്പറ്റി ഫീച്ചറുകൾ പ്രസിദ്ധീകരിച്ചിരുന്നു. ഗുജറാത്തിൽ ജമാഅത്തെ ഇസ്‌ലാമി അംഗങ്ങൾ 65 ഉം അനുഭാവികൾ 400 ഉം ആണെന്ന് അതിൽ സൂചിപ്പിക്കുന്നു. ഈ അവസ്ഥക്ക് മാറ്റമുണ്ടായിട്ടുണ്ടോ?**

തീർച്ചയായും. ഇപ്പോൾ അംഗങ്ങൾ 78 പേരുണ്ട്. സജീവ പ്രവർത്തകർ (കാർകുൻ) നാനൂറും അനുഭാവികൾ അയ്യായിരവുമാണ്. സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ജമാഅത്തിന് പുതിയ ഘടകങ്ങൾ ഉണ്ടായി വരുന്നുണ്ട്. മുസ്‌ലിം പൊതുജനങ്ങളിൽ ദീനറിയുന്നവർ വളരെ കുറവാണ് എന്നതാണ് പ്രസ്ഥാനം അഭിമുഖീകരിക്കുന്ന ഒരു പ്രശ്നം. സൊരാഷ്ട്ര മേഖലയിലെ മുസ്‌ലിംകളുടെ പല വിശ്വാസാചാരങ്ങളും ഇതര മതസംസ്കാരങ്ങളിൽനിന്ന് കടംകൊണ്ടതാണ്. മധ്യഗുജറാത്തിലും ഇതുതന്നെ സ്ഥിതി. പീറുകളെയും പുണ്യവാളന്മാരെയും ചുറ്റിപ്പറ്റിയുള്ള ആചാരങ്ങൾക്കാണ് പ്രാമുഖ്യം. എൺപത് ശതമാനവും കടുത്ത യാഥാസ്ഥിതികരായ ബറേൽവികൾ. കലാപാനന്തരം സ്ഥിതിഗതികൾ മാറിത്തുടങ്ങിയിട്ടുണ്ട്. പുതിയ തലമുറക്ക് മതവിദ്യാഭ്യാസം നൽകുന്നതിനായി പള്ളികൾ കേന്ദ്രീകരിച്ച് മകാതിബുകൾ (ദർസ് ഗാഹ്) തുടങ്ങിയിട്ടുണ്ട്.

**മലയാളി വായനക്കാരോട്?**

ഭൂകമ്പമുണ്ടായപ്പോഴും കലാപമുണ്ടായപ്പോഴും അകമഴിഞ്ഞ സഹായമാണ് മലയാളി സഹോദരന്മാരിൽനിന്ന് ഉണ്ടായത്. ഒരിക്കൽ കൂടി നന്ദി രേഖപ്പെടുത്തുകയും അവർക്ക് വേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു. ഭൂകമ്പ ബാധിത പ്രദേശങ്ങളിൽ കേരളത്തിൽനിന്നുള്ള ഐഡിയൽ റിലീഫ് വിംഗ് (ഐ.ആർ.ഡബ്ലിയു) പ്രവർത്തകർ നടത്തിയ സേവനങ്ങൾ ഇപ്പോഴും അവിടത്തുകാർ അനുസ്മരിക്കാറുണ്ട്. ■

## ഇസ്‌ലാമി റിലീഫ് കമ്മിറ്റിയുടെ വിലാസം

Islami Relief Committee- Gujarat, 4th Floor, B- Block, Karishma Complex, Sarni Society, 132 ft. Ring road, Juhapura, Ahmedabad, Gujarat. Pin: 380055. Tele-Fax: 079 26820828, 26829318

Email: ircguj@rediffmail.com

ഡിഡിയും ചെക്കും Islami Relief Committee, Gujarat എന്ന പേരിൽ എടുക്കാം.

ബാങ്കുകൾ: State Bank of India (APMC Branch, Ahmedabad)

ICICI Bank Limited (Jodhpur Gam Branch, Ahmedabad)